ഡോക്ടർ എ. ആർ. മേനോൻ : അതെ, ഒരെണ്ണത്തിന്റെ വിലയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ പാഡൽ ടെന്നീസ് കേന്ദ്രത്തിൽ ഉണ്ടാക്കിവരുന്നില്ലേ ?

ഡോക്ടർ എ. ആർ. മേനോൻ : ആദ്യം കുറെ സാമ്പിൾ വരുത്തി. ഇപ്പോൾ ഇവിടെ ഉണ്ടാക്കിവരുന്നുണ്ടെന്നു തോന്നുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മാത്താണ്ഡത്തുള്ള പ്ലൈവുഡ് ഇവിടത്തെ പ്ലൈവുഡിനേക്കാൾ നല്ലതാണോ ?

ഡോക്ടർ എ. ആർ. മേനോൻ : നല്ലതാണെന്നാണു പറയുന്നതു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : ഈ നാട്ടുകാരെ പഠിപ്പിക്കുവാനുള്ളതോ ഉദ്യോഗസ്ഥന്മാർക്കു കളിക്കുവാനുള്ളതോ ?

ഡോക്ടർ എ. ആർ. മേനോൻ : രണ്ടുകൂട്ടർക്കും കളിക്കാം.

മിസ്റ്റർ സി. വി. ഐയ്യു : ഈ കളി പ്രചരിപ്പിക്കുന്നതിനു് ഗ്രാമോദ്ധാരണഡിപ്പാർട്ടുമെണ്ടിൽനിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : കളി പഠിപ്പിക്കുന്നുണ്ടു്, അവരുംകൂടി ചേർന്നു കളിക്കാറുണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു : ഇപ്പോൾ എത്ര ആളുകൾ ഈ കളി പഠിച്ചിട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : നോട്ടീസു് വേണം.

മിസ്റ്റർ എ. ഈച്ചരമേനോൻ : മാത്താണ്ഡത്തുള്ള പ്ലൈവുഡിന്റെ ഗുണം ഇവിടെ ഉണ്ടാകുന്ന പ്ലൈവുഡിനുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : അറിഞ്ഞുകൂടാ.

മിസ്റ്റർ സി. വി. ഐയ്യു : ഈ കളി ധാരാളം ആളുകൾക്കു നിശ്ചയമില്ലാതെയിരിക്കയാണെങ്കിൽ ബാറ്റു് വെറുതെ വെക്കേണ്ടിവരികയില്ലേ ?

ഡോക്ടർ എ. ആർ. മേനോൻ : അധികമൊന്നുമില്ലല്ലോ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ : ബഹുമാനപ്പെട്ട മന്ത്രി ഈ കളി ഒന്നു കളിച്ചുനോക്കീട്ടുണ്ടോ ?

R. D. CENTRE—WORKERS WITH ALLOWANCES—PARTICULARS RE.

306. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ശ്രീമാൻ സദയം മറുപടി പറയുമോ.—

(എ) ചേപ്പു് ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ ശമ്പളമില്ലാതെ അലവൻസു മാത്രം വാങ്ങി ജോലി ചെയ്യുന്നവർ ആരെല്ലാം;

(ബി) അവർ ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ, പ്രത്യേക യോഗ്യതകൾ, ശ്രീമെൻസ് സ്വിസിലും നിലയും വിലയുമുള്ള മറ്റു സ്ഥാപനങ്ങളിലുമുള്ള പരിചയം, പരിശീലനം ഇവകൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈവർ ഓരോരുത്തക്ക പ്രതിമാസം എന്തു വീതം അലവൻസ് കൊടുത്തുവരുന്നുണ്ട്;

(ഡി) ഇവരുടെ നിയമനക്കാലത്തു് അവരുടെ ഭാവിയെ സംബന്ധിച്ചു പ്രോത്സാഹജനകമായ വല്ല ആശയും അവരിൽ ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ;

(ഇ) ഇവരുടെ അലവൻസു് കൂട്ടികൊടുക്കുന്നതിനെ സംബന്ധിച്ചു് ഡവലപ്പ്മെണ്ടു് ആഫീസർ മേലധികാരത്തിലേക്കു എഴുതിട്ടുള്ളതിന്റെ ഓരോ കോപ്പി ഓരോ മെമ്പരുടേയും മേശപ്പുറത്തു വക്കാമോ;

(എഫ്) ആഫീസരുടെ ആ ശുപാർശയനുസരിച്ചു ഭാവമെന്തു വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(എച്ചു്) ഇവരെയാണൊ വില്ലേജു് സൈഡ്സു് എന്നു പറഞ്ഞുവരുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ: (എ) (ഫ) മിസ്റ്റർ കെ. കാവുണ്ണികത്താ.

(ഫ) മിസ്റ്റർ സി. കെ. വേലായുധൻ.

(ന) ,, സി. ശങ്കരമേനോൻ.

(ബി) (ഫ) മിസ്റ്റർ കെ. കാവുണ്ണികത്താ, എസ്സു്. എസ്സു്. എൽ. സി., സക്കാർ സ്കൂളുകളിൽ പി. ന അദ്ധ്യാപകനായി ന മാസത്തെ സപ്ലിസ്സു്, എയിഡഡു് പ്രൈമറി സ്കൂളുകളിൽ ന മാസത്തെ സപ്ലിസ്സു്, ഗ്രാമോദ്ധാരണത്തിൽ മാത്താണ്ഡത്തു് ടെയിനിങ്ങു് കഴിച്ചിട്ടുണ്ടു്; കൊച്ചി ഗ്രാമോദ്ധാരണത്തിൽ ഒ മാസത്തേയും, ചാലക്കുടിയിലെ വിജയരാഘവപുരം അധഃകൃത കോളനിയിൽ ന മാസത്തേയും, ഓണററി സപ്ലിസ്സു്; ഫഫഫ ചിങ്ങം ന-ാംനു മുതൽ ഗ്രാമോദ്ധാരണകേന്ദ്രത്തിൽ പെരുമാടികിപ്പുർ.

(ഫ) മിസ്റ്റർ സി. കെ. വേലായുധൻ, ബി. എ., സോഷ്യൽ സപ്ലിസു് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ; മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗസ്ഥനായിട്ടു മാസത്തെ സപ്ലിസ്സു്; ബൊമ്പായിൽ ടാറാസൺസു് ലിമിറഡിൽ കണക്കെഴുത്തു, സ്റ്റോർകീപ്പർ, അസിസ്റ്റാണ്ടു് ഫെഡ്ക്കാക്കു് എന്നിങ്ങിനെ പലേ നിലകളിലും. ൭ കൊല്ലത്തെ പരിചയം; എലിഫിൻസ്റ്റൺ ലോകോളേജിൽ ഒരു കൊല്ലം പഠിച്ചിട്ടുണ്ടു്; ബൊമ്പായിലെ ഡഡുവൈറ്റ് സ്കൂൾ ഓഫു് സോഷ്യൽ സപ്ലിസിൽ രണ്ടു കൊല്ലത്തെ പ്രത്യേക ടെയിനിങ്ങു്; ബൊമ്പെ ഗവമ്മെണ്ടിന്റെ ലേബർ ആപ്പീസർ പ്രൈഡിന്റെ കീഴിൽ ന മാസത്തെ അപ്രൻഡീസ്ഷിപ്പു് കോർസു്; ഗ്രാമോദ്ധാരണത്തിൽ മാത്താണ്ഡത്തു് ടെയിനിങ്ങു് കഴിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഗ) മിസ്റ്റർ സി. ശങ്കരമേനോൻ ബി. എ, ഇൻഡ്യൻ പോസ്റ്റ്സ് ആൻഡ് ടെലഗ്രാഫ്സിൽ നാല മാസത്തെ സർവ്വീസ്, ഗ്രാമോദ്ധാരണത്തിൽ മാത്താണ്ഡത്ത് ടെയിനിങ്ങ് കഴിച്ചിട്ടുണ്ട്.

(സി) മിസ്റ്റർ കാവുണ്ണികുത്താവിനു പ്രതിമാസം ഫ ഠ ക. മിസ്റ്റർ സി. കെ. വേലായുധനു പ്രതിമാസം നു ഠ ക. മിസ്റ്റർ സി. ശങ്കരമേനോനു പ്രതിമാസം ഫ ഒ ക.

(ഡി) ഇല്ല.

(ഇ) നിവൃത്തിയില്ല.

(എഫ്) കഴിച്ചുകൂട്ടാത്തതായ ചിലതു പ്രവൃത്തിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിജയം ത്യാഗബുദ്ധികളും, കർമ്മകുശലന്മാരും പ്രാപ്തന്മാരുമായ ഉദ്യോഗസ്ഥന്മാരുടെ പരിശ്രമത്തിലാണ് സ്ഥിതിചെയ്യുന്നതു്. ശമ്പളം, അലവൻസ്, മുതലായവയെ മാത്രം ലാക്കാക്കി വരുന്നവർക്ക ഇവകളിൽ സ്ഥാനമില്ല. അതുകൊണ്ടു ശമ്പളം കൂട്ടികൊടുക്കുവാൻ ഇപ്പോഴും ഗവമ്മെണ്ടു വിചാരിക്കുന്നില്ല.

(ജി) മറുപടി ആവശ്യമില്ല.

(എച്ച്) അതെ. ഇവരിൽ രണ്ടു പേരെ വില്ലേജ് മൈഡ്സ് എന്നു ഇപ്പോൾ വിളിച്ചുവരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ത്യാഗബുദ്ധികൾ എന്നു പറഞ്ഞിട്ടുള്ളതു് അവനവന്റെ ചിലവിനുള്ള വക തറവാട്ടിൽനിന്നു കൊണ്ടുവന്നു് ചിലവു ചെയ്യണമെന്നുള്ള അർത്ഥത്തിലാണോ ?

ഡോക്ടർ എ. ആർ. മേനോൻ : ചിലവു് ഏറ്റവും ചുരുക്കുവാനുള്ള ഒരു സ്ഥാപനമാണിതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഫ ഒ ഉറുപ്പിക പെൻഷണബിൽ സർവ്വീസിലുള്ള ഒരാൾക്കു് ഫ ഠ ഉറുപ്പികയേ അലവൻസ് കൊടുക്കുന്നുള്ളു എന്നു കാണുന്നുണ്ടു്. ഈ ഫ ഠ ഉറുപ്പികകൊണ്ടു ചിലവിനു മതിയാകയില്ല. അങ്ങിനെ മതിയാകാതെ വരുമ്പോൾ ബാക്കിയുള്ളതിനു് അവരുടെ ത്യാഗബുദ്ധി ചെലുത്തണമെന്നാണോ പറയുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ വി. കെ. കൃട്ടി : ഫ ഒ ഉറുപ്പിക പെൻഷണബിൽ സർവ്വീസുള്ള ആളെ അപ്പോയിൻറു ചെയ്തിട്ടുള്ളതു് പത്തുറുപ്പിക ശമ്പളത്തിലാണോ ?

ഡോക്ടർ എ. ആർ. മേനോൻ : അതെ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഓണറിയായിട്ടു വേല ചെയ്യുവാൻ വന്നിട്ടുള്ളവരോ ശമ്പളം കിട്ടുവാൻ വേണ്ടി മാത്രം വന്നിട്ടുള്ളവരോ ?

ഡോക്ടർ എ. ആർ. മേനോൻ : ഓണറിയായിട്ടു വേല ചെയ്യുന്നവരുടേയും ഉദ്ദേശം ഇതുപോലെതന്നെ.

LIBRARY ARCHIVES Kerala Legislative Assembly